(ബി)	ചാത്തമംഗലം	..	3 എണ്ണം
	പെരുവയൽ	..	1 എണ്ണം
	കുന്ദമംഗലം	..	1 എണ്ണം
	മുക്കം	..	2 എണ്ണം
	ആകെ	..	7 എണ്ണം
(സി)	ചാത്തമംഗലം	..	5 എണ്ണം
	കുന്ദമംഗലം	..	2 എണ്ണം
	മുക്കം	..	1 എണ്ണം
	ആകെ	..	8 എണ്ണം

(ഡി) സാധനസാമഗ്രികളുടെ ലഭ്യതയനുസരിച്ച് അവ സ്ഥാപിച്ച് വൈദ്യുതി പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ ഉദ്ദേശിക്കുന്നു.

പോലൂർ പ്രദേശത്തെ അതിരൂക്ഷമായ വോൾട്ടേജ് ക്ഷാമം

36 [3176] ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലം മണ്ഡലത്തിലെ പോലൂർ പ്രദേശത്തെ അതിരൂക്ഷമായ വോൾട്ടേജ് ക്ഷാമം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) എങ്കിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി വാഴൂർ, കുന്നൂർ എന്നീ പ്രദേശങ്ങളിൽ വോൾട്ടേജ് ഇംപ്രൂവ്മെന്റ് വർക്കുകൾക്ക് അനുമതിയായിട്ടുണ്ട്. ഒരു 100 കെ. വി. എ. ട്രാൻസ്ഫോർമർ സ്ഥാപിക്കാനാണ് നിർദ്ദേശം.

കാലടി 33 കെ. വി. സബ്സ്റ്റേഷൻ

37 [3177] ശ്രീ. പി. ജെ. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുമ്പാവൂർ സർക്കിളിൽ കാലടി കേന്ദ്രമായി 33 കെ. വി. സബ്സ്റ്റേഷൻ നിർമ്മിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly